പുതിയതായി സെൽഫ് ഫൈനാൻസ് കോളേജുകൾ

50 (4925) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ എത്ര എം.ബി.ബി.എസ്. സീറ്റുകളാണ് ഉണ്ടായിരുന്നത് ;

(ബി) ഇപ്പോൾ നിലവിൽ എത്ര എം.ബി.ബി.എസ്. സീറ്റുകളുണ്ടെന്ന് വിശദമാക്കുമോ ;

(സി) സെൽഫ് ഫൈനാൻസ് കോളേജുകളിൽ എത്ര എം.ബി.ബി.എസ്. സീറ്റുകളാണ് ഉണ്ടായിരുന്നത് ; ഇപ്പോൾ നിലവിൽ -എത്ര ;

(ഡി) പുതുതായി സെൽഫ് ഫൈനാൻസ് കോളേജുകൾ തുടങ്ങാൻ അനുമതി കൊടുത്തിട്ടുണ്ടോ ; ഇതിന്റെ ഫലമായി സീറ്റുകൾ അധികമായി ഉണ്ടായത് എത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ആകെ 700 സീറ്റുകളാണ് ഉണ്ടായിരുന്നത്.

(ബി) ഇപ്പോൾ നിലവിൽ 850 എം.ബി.ബി.എസ്. സീറ്റുകളുണ്ട്.

(സി) സെൽഫ് ഫൈനാൻസ് കോളേജുകളിൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആകെ 850 സീറ്റുകളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം 1150 സീറ്റുകൾ ഉണ്ട്. ഇതിൽ സർക്കാരുമായി കരാർ ഉണ്ടാക്കാത്ത കോളേജുകളുടെയും ഡീംഡ് യൂണിവേഴ്സിറ്റിയുടെ പരിധിയിൽ വരുന്ന കോളേജുകളുടെയും കണക്ക് ഉൾപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. പുതുതായി അനുവദിച്ച കോഴിക്കോട് മലബാർ മെഡിക്കൽ കോളേജിൽ 150 സീറ്റുകൾ ലഭിച്ചിട്ടുണ്ട്.

സർജിക്കൽ ഉപകരണങ്ങൾ ന്യായവില മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നതിന് നടപടി

51 (4926) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർജിക്കൽ ഉപകരണങ്ങൾ ന്യായവില മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രധാന ആശുപത്രികൾ കേന്ദ്രീകരിച്ച് സർജിക്കൽ ഏജന്റുമാർ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly